**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3483

21/12/2012-ൽ മറുപടിക്ക്

## സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിള അനുസരിച്ച് വിസ്തൃതി ഇൻസെന്റീവ്, ഉത്പാദന ഇൻസെന്റീവ് എന്നിവ നൽകുന്നുണ്ട്. ഇതിനു പുറമേ ഇന്ററസ്റ്റ് സബ്സിഡി ആനുകൂല്യങ്ങളും നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.കെ.എസ്.പി പ്രകാരം 30,000 സംഘകൃഷി ഗ്രൂപ്പുകൾക്ക് സാങ്കേതിക പരിശീലനവും നൽകിവരുന്നു. |
| (ബി) ഇതിനായി തരിശുഭൂമി പാട്ടത്തിനെടുത്തു നൽകുന്ന കാര്യം പരിഗണിക്കുമോ ; | (ബി) ഇക്കാര്യം പരിഗണനയിലില്ല. |
| (സി) ഭൂമി നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ ലാന്റ് ബാങ്ക് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) എൻ.ആർ.എൽ.എം. പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും ലാന്റ്ബാങ്ക് രൂപീകരിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) എന്തെല്ലാം ധനസഹായങ്ങളാണ് സംഘകൃഷിക്കുവേണ്ടി നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ? | (ഡി) സംഘകൃഷി വിളകൾക്ക് അനുസൃതമായി വിസ്തൃതി ബോണസ്, ഉത്പാദനബോണസ് എന്നിവ നൽകി വരുന്നു. കൃഷിക്ക് എടുത്ത വായ്പയിന്മേൽ ഇന്ററസ്റ്റ് സബ്സിഡിയും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ